ISSN-2455-0736 (Print)
ISSN-2456-4052 (Online)

# മാധ്യമങ്ങളുടെ ഇടപെടലുകൾ മനുഷ്യജീവിതത്തിൽ

**The Impact of Media on Social Life**

(A Study based on Komala and Vartha Sareeram by Santhosh Echikkanam)

**ഡോ.നടാഷ സെബാസ്റ്റ്യൻ**
അസോസിയേറ്റ് പ്രൊഫസർ,
നേശമണി മെമ്മോറിയൽ ക്രിസ്ത്യൻ കോളേജ്, മാർത്താണ്ഡം
natashanmcc@gmail.com
Mobile No.: 9488325002

## ABSTRACT

**താക്കോൽ വാക്കുകൾ**
ഉത്തരാധുനികത (Post Modernism), ആധുനികാനന്തരത, ആഗോളവത്കരണം (Globalization), മാധ്യമസംസ്കാരം, ഉപഭോഗസംസ്കാരം

Santhosh Echikkanam is one of the short story writers of Post Modernism. This article is a study of his famous short stories 'Komala' and 'Vartha Sareeram'. This study discusses the influence of media on human race and the problems putforth by the emergeing media culture. Consumerism and the resultant problems are a part of the storyline. The author tries to create a positive attitude on the readers through his characters.

മലയാള ചെറുകഥ വളർച്ചയുടെ പല പടവുകൾ താണ്ടി ഉത്തരാധുനികതയിലെത്തി നില്ക്കുന്നു. ആധുനികതയുടെ തുടർച്ചയെങ്കും ആധുനികതയ്ക്കെതിരായ കലാപമെന്നുമൊക്കെ ഉത്തരാധുനികത വിലയിരുത്തപ്പെട്ടിട്ടുണ്ട്. പാശ്ചാത്യനാടുകളിൽ തൊള്ളായിരത്തി എഴുപതുകളിൽത്തന്നെ ഉത്തരാധുനികത സജീവചർച്ചാവിഷയമായി. ജീവിതത്തിന്റെ എല്ലാ മേഖലകളെയും പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്ന, സ്വാധീനിക്കുന്ന ഒരു സാമൂഹികാവസ്ഥയാണ് ഉത്തരാധുനികത. കലയിലും സാഹിത്യ ത്തിലും ഇത് കൂടുതൽ പ്രചാരം നേടി. എൺപതുകളായപ്പോഴേക്കും പാശ്ചാത്യനാടുകളിൽ ഇതിന് സൈദ്ധാന്തികമായ ഒരടിത്തറയുായി. തൊണ്ണൂറുകളോടെ മലയാള സാഹിത്യവുമായി ബന്ധപ്പെട്ട് ഉത്തരാധുനികത ചർച്ച ചെയ്യപ്പെട്ടുതുടങ്ങി.

ആധുനികതയിൽ നിന്ന് വ്യത്യസ്തമായ സാമൂഹികാവസ്ഥ, സാംസ്കാരിക രംഗത്തെ പുതിയ പ്രവണതകൾ, സാങ്കേതികവിദ്യ സാധ്യമാക്കുന്ന പുതിയ ജീവിതാനുഭവങ്ങൾ എന്നിവയൊക്കെ ഉത്തരാധുനികകഥകൾക്ക് വിഷയമായി. ജീവിതത്തിന്റെ സമസ്തവൈചിത്ര്യങ്ങളും കെട്ടുകാഴ്ചകളില്ലാതെ ഉത്തരാധുനികകഥകളിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ മലയാളത്തിലെ ഉത്തരാധുനികകഥകൾ പല മാറ്റങ്ങൾക്കും വിധേയമായി.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

നമ്മുടെ ഉത്തരാധുനിക ചെറുകഥാകൃത്തുക്കളിൽ പ്രധാനിയാണ് സന്തോഷ് എച്ചിക്കാനം. സിനിമ,സീരിയൽ തിരക്കഥാകൃത്ത് കൂടിയാണ് അദ്ദേഹം. സമകാല ജീവിതാവസ്ഥകളുടെ തീക്ഷ്ണത അനുഭവിപ്പിക്കാൻ കഴിഞ്ഞ എഴുത്തുകാരൻ. കാലത്തിന്റെ ഗതിവിഗതികൾക്കൊപ്പം സഞ്ചരിക്കുന്ന മനുഷ്യന്റെ അവസ്ഥാന്തരങ്ങൾ അദ്ദേഹത്തിന്റെ കഥകളിൽ കടന്നു വരുന്നു. 'കഥയിലൂടെ ജീവിതത്തിന്റെ ക്ലേശഭൂഖണ്ഡത്തെ, മരണത്തെ, ഭാഷയെ, ശരീരത്തെ, എഴുതപ്പെട്ട കഥകളെ, വ്യവ സ്ഥാപിതമായ ആഖ്യാനരീതിയെ എല്ലാം അതിജീവിക്കാൻ സന്തോഷ് ശ്രമിക്കുന്നു.' (പി.കെ. രാജശേഖരൻ (2021), 'അവതാരിക', കഥകൾ - സന്തോഷ് എച്ചിക്കാനം, പു.7) കഥപറച്ചിലിന്റെ പതിവുരീതികളെ പ്രമേയസ്വീകരണത്തിലെ പുതുമകൊണ്ടും ആഖ്യാനത്തിന്റെ വ്യത്യസ്തതകൊണ്ടും അതിജീവിക്കാൻ സന്തോഷ് ശ്രമിക്കുന്ന തായി കാണാം.

മാധ്യമങ്ങൾ മനുഷ്യജീവിതത്തിൽ നടത്തുന്ന ഇടപെടലുകൾ ഉത്തരാധുനിക കഥകളിൽ ആവർത്തിച്ചുകാണുന്ന പ്രമേയമാണ്. മാനവസംസ്കാരത്തെ മാറ്റി മറിച്ചത് മാധ്യമങ്ങളാണ്. ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും വാണിജ്യവത്കരണത്തിന്റെയും ഭാഗമായി ഒട്ടേറെ ചാനലുകൾ മുളച്ചുപൊന്തി. അതോടെ റേറ്റിങ്ങിനായുള്ള അനാരോഗ്യകരമായ മത്സരങ്ങളും ആരംഭിച്ചു. സെക്സും വയലൻസുമൊക്കെ കുത്തിനിറച്ച പരിപാടികൾ നമ്മുടെ സ്വീകരണമുറിയിലേക്കു കടന്നു വന്നു. തിരുവനന്തപുരത്തെ പത്മതീർത്ഥക്കുളത്തിൽ നടന്ന കൊലപാതകത്തിന്റെ തത്സമയസംപ്രേഷണം മലയാളത്തിലെ പ്രമുഖചാനൽ സംപ്രേഷണം ചെയ്യുകയുണ്ടായി. ആത്മഹത്യയും കൊലപാതകവുമൊക്കെ ഇന്നു വാർത്തകൾ മാത്രമാണ്. ദൃശ്യ മാധ്യമങ്ങൾ, നവമാധ്യമങ്ങൾ എന്നിവ വിവരവിനിമയ സാങ്കേതികവിദ്യയിലുണ്ടാക്കിയ മുന്നേറ്റം നമ്മുടെ ജീവിതബോധത്തെത്തന്നെ മാറ്റിമറിച്ചിരിക്കുന്നു. മനുഷ്യന്റെ സ്വകാര്യതയിലേക്ക് ഇടിച്ചുകയറുന്ന മാധ്യമങ്ങൾ നശിപ്പിക്കുന്നത് മനുഷ്യന്റെ സ്വൈരജീവിതമാണ്. മാധ്യമങ്ങൾ മനുഷ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം ആധുനികാനന്തരകഥകളുടെയും നോവലുകളുടെയും പ്രധാന വിഷയമാണ്. കെ. ആർ. മീരയുടെ ആരാച്ചാർ എന്ന നോവൽ മികച്ച ഉദാഹരണമാണ്.

കേരളീയജീവിതത്തിന്റെ വർത്തമാനകാലദുരന്തം ആവിഷ്ക്കരിക്കുന്ന കഥയാണ് 'കൊമാല'. ഈ കഥ ആദ്യം പ്രസിദ്ധീകരിച്ചത് മാതൃഭൂമി ആഴ്ചപ്പതിപ്പിലാണ്. 'കടബാധ്യതമൂലം ഈ വരുന്ന ആഗസ്ത് 15 പുലർച്ചെ 12- ന് കൂട്ട ആത്മഹത്യ ചെയ്യുമെന്ന ബോർഡ് സ്വന്തം വീടിനു മുന്നിൽ എഴുതിവെച്ച് മാധ്യമശ്രദ്ധ പിടിച്ചു പറ്റിയ നാല്പത്തഞ്ചുകാരനാണ് കുണ്ടൂർ വിശ്വൻ.'അതോടെ കുണ്ടൂർ വിശ്വന്റെ ആത്മ ഹത്യാവാർത്ത വാർത്താചാനലുകൾ ഏറ്റെടുക്കുന്നു. ഒരു പുതിയ ഇര വീണു കിട്ടിയത് മാധ്യമങ്ങൾ ആഘോഷമാക്കുന്നു. ന്യൂസ് ചാനലുകൾ വിശ്വന്റെ ആത്മഹത്യാ പ്രഖ്യാപനം ചർച്ച ചെയ്യുന്നു.

'വിശ്വൻ സകുടുംബം മരിക്കുമോ ഇല്ലയോ ? നമ്മുടെ ഉറക്കം കെടുത്തുന്ന ഈ ചോദ്യത്തിന് ഉത്തരം പറയാൻ വിശ്വൻ നമ്മോടൊപ്പം ലൈനിലുണ്ട്.'

ISSN-2455-0736 (Print)
ISSN-2456-4052 (Online)

....................................................................

'ശരി വിശ്വൻ വീണ്ടും ബന്ധപ്പെടാം.'

..................................................

'ശ്രീ നന്ദകുമാർ പ്രമുഖ മനഃശാസ്ത്രഞ്ജനും സാമൂഹികപ്രവർത്തകനുമായ താങ്കൾ എന്തു പറയുന്നു. വിശ്വൻ ആത്മഹത്യ ചെയ്യുമോ?'

.....................................................

'മാധ്യമത്തോട് ചോദിക്കാനുള്ളത് ആത്മഹത്യയുടെ നിയമവശങ്ങളെപ്പറ്റിയാണ്. സ്വയം മരിക്കുവാൻ തയ്യാറെടുക്കുന്ന ഒരാൾ നിയമപരമായി നേരിടേണ്ടി വരുന്ന ഭവിഷ്യത്തുക്കൾ എന്തൊക്കെയാണ്.?'

.....................................................

'ഹലോ' ഹലോ.. ഹലോ ക്ഷമിക്കണം സാങ്കതികമായ തകരാറുമൂലം ലൈൻ കിട്ടുന്നില്ല. വീണ്ടും ശ്രമിക്കാം.'

എന്നിങ്ങനെ പോകുന്ന ചർച്ചകൾ ചിരിയുണർത്തുന്നു. ഇതേ കാഴ്ചകളാണ് നിത്യവും നമ്മുടെ സ്വീകരണമുറിയിലിരുന്ന് നാം നിസ്സംഗമായി കാണുന്നതും കണ്ട ഉടനെ മറന്നു കളയുന്നതും. കുണ്ടൂർ വിശ്വന്റെ ആത്മഹത്യാപ്രഖ്യാപനം വർത്ത മാനകേരളം നേരിട്ടുകൊണ്ട ിരിക്കുന്ന സാമ്പത്തികവും സാമൂഹികവും മാനസിക വുമായ അസമത്വങ്ങളിലേക്കുള്ള ചൂണ്ടു പലകയാണെന്ന് കഥാകൃത്തുതന്നെ പറയുന്നുണ്ട്. കേരളത്തിൽ വർദ്ധിച്ചു വരുന്ന ആത്മഹത്യാ നിരക്കിനു മനുഷ്യന്റെ ഉപഭോഗാസക്തി ഒരു പ്രധാന കാരണമാണ്. ആധുനികകാനന്തരസമൂഹം ഉപഭോക്തൃസമൂഹമാണ്. മനുഷ്യന്റെ വർദ്ധിച്ചുവരുന്ന ഉപഭോഗാസ്കതിയും തൻമൂലമു ണ്ടാകുന്ന പ്രശ്നങ്ങളും ഉത്തരാധുനികകഥകളിൽ പ്രമേയമായിട്ടുണ്ട്. ആവശ്യം എന്നതിനുപരി ആനന്ദത്തിനാണ് നാമിന്നു സാധനങ്ങൾ വാങ്ങിക്കൂട്ടുന്നത്. ഉപഭോഗാസക്തി വർദ്ധിപ്പിക്കുന്ന തിൽ മാധ്യമങ്ങളും പരസ്യങ്ങളും വലിയ പങ്കു വഹിക്കുന്നു. നാം എന്തു ധരിക്കണം, എന്തു ഭക്ഷിക്കണം, എന്ത് ആഘോഷിക്കണം, എങ്ങനെ ആഘോഷിക്കണം എന്നൊക്കെ തീരുമാ നിക്കുന്നത് വിപണിയാണ്. നമ്മുടെ സാഹിത്യം, കല, ചിന്ത എന്നിവയൊക്കെ നിയന്ത്രിക്കുന്നത് സ്പോൺസർമാരാണ്. ലോണെടുത്തും കടം വാങ്ങിയും വീടും കാറും ആഡംബ രവസ്തുക്കളും സ്വന്തമാക്കുന്നവർ കടക്കെണിയിലായി ആത്മഹത്യചെയ്യുന്ന സംഭവങ്ങൾ ഇന്ന് സാധാരണമാണ്. സുധാകരൻ എന്ന സുഹൃത്തിന് ജാമ്യംനിന്ന് ചതിക്കപ്പെട്ടയാളാണ് വിശ്വൻ. വിശ്വൻ ആത്മഹത്യയ്ക്കായി തെരഞ്ഞെടുത്ത ദിവസം ആഗസ്റ്റ് 15 എന്നതും ശ്രദ്ധിക്കണം. സ്വാതന്ത്ര്യാനന്തരഭാരതത്തിലെ സാമ്പത്തികാസമത്വത്തെക്കുറിച്ച് ഓർമപ്പെടുത്താനാകണം കഥാകൃത്ത് ആ ദിവസം തെരഞ്ഞെടുത്തത്. ഇന്ത്യയുടെ 59-ാം സ്വാതന്ത്ര്യദിനമെന്ന് പ്രത്യേകം എടുത്തു പറയുന്നു. ചർച്ചയ്ക്കിടയിൽ കാണിക്കുന്ന പരസ്യം നോക്കുക.

'മൂലൂർടവേഴ്സ് ആൻഡ് റെസിഡൻസി.

ബെറ്റർ ലോക്കേഷൻസ് 'ബെറ്റർ ലൈഫ് സ്റ്റൈൽ.

ക്രിയേഷൻസ് ഫോർ ജനറേഷൻസ്'

 ISSN-2455-0736 (Print)
ISSN-2456-4052 (Online)

ഇവിടെയാണ് മാധ്യങ്ങളുടെ ഇരട്ടത്താപ്പ് പ്രകടമാകുന്നത്. ഒരു ഭാഗത്ത് വിശ്വനോടും കുടുംബ ത്തോടുമുള്ള അനുകമ്പയും സഹതാപവും കാണിക്കുന്നു. മറുവശത്ത് വൻകിടകമ്പനികളുടെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നു. മനുഷ്യരുടെ സ്വപ്നങ്ങളെയും ചിന്തകളെയും സ്വാധീനിക്കാൻ പരസ്യങ്ങൾക്കു കഴിയുന്നുണ്ട്. കൂടുതൽ ലാഭമുണ്ടാക്കുക, റേറ്റിങ്ങിൽ മുൻപന്തിയിലെത്തുക എന്നതിനപ്പുറമുള്ള ലക്ഷ്യമെന്നും മാധ്യമങ്ങൾക്കില്ലെന്നു സാരം. കുണ്ടൂർ വിശ്വന്റെ ആത്മഹത്യാ പ്രശ്നത്തിൽ പ്രേക്ഷകരുടെ ഭാഗത്തുനിന്ന് ഒരു പ്രതികരണവും ലഭിച്ചില്ല. പൊതുജനങ്ങളും ചാനലും ഒരു പോലെ വിശ്വനെ കൈവെടിഞ്ഞു. അവർ പുതിയ വാർത്തക്കു പിന്നാലെ പോയി.

വാർത്താമാധ്യമങ്ങൾ മാധ്യമഉപഭോക്താക്കളുടെ ജീവിതത്തിൽ നടത്തുന്ന ഇടപെടലുകൾ 'കൊമാല' ചർച്ച ചെയ്യുന്നു. വാർത്താധിഷ്ഠിതസംവാദപരിപാടികൾ ബഹുജനങ്ങളെക്കൂടി ഉൾപ്പെടുത്തികൊണ്ട് നടത്തുന്നു. കൂണ്ടൂർ വിശ്വന്റെ ആത്മഹത്യയെക്കുറിച്ചുള്ള ചർച്ചയ്ക്കൊടുവിൽ അഭിപ്രായ വോട്ടെടുപ്പിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർക്ക് SMS വഴി നിർദ്ദേശങ്ങൾ രേഖപ്പെടുത്താനുള്ള ഫോൺ നമ്പറുകൾ നല്കുന്നു. ഇത് വാർത്താധിഷ്ഠിതപരി പാടികളിൽ മാത്രമല്ല റിയാലിറ്റി ഷോകളിലും ഫലപ്രദമായി ഉപയോഗിക്കുന്നു. ഇതിലൂടെ വലിയൊരു കച്ചവട സാദ്ധ്യതയാണ് മാധ്യമങ്ങൾക്കും ടെലിഫോൺകമ്പ നികൾക്കും തുറന്നുകിട്ടുന്നത്. പൊതുജനഅജകൾക്കു പ്രാധാന്യം കൊടുക്കുന്നുവെന്ന തോന്നലുളവാക്കിക്കൊണ്ട് മാധ്യമങ്ങൾ അവരുടെ രാഷ്ട്രീയ അജണ്ട സ്ഥാപിച്ചെടുക്കുകയാണ്. യാഥാർത്ഥത്തിൽ ചെയ്യുന്നത്. വ്യക്തിയെ മാധ്യമങ്ങളുടെ നിലപാടുകൾക്കനുസരിച്ച് മാറ്റിയെടുക്കുന്ന മാധ്യമതന്ത്രമാണിവിടെ വിജയിക്കുന്നത്. വിഡ്ഢികളാകുന്നത് പ്രേക്ഷകരാണ്.

ടെലിവിഷൻ ചർച്ചക്കിടയിലാണ് വിശ്വൻ 'പെഡ്രോപരാമോ'യെപ്പറ്റിയും കൊമാല എന്ന ഗ്രാമത്തെപ്പറ്റിയും കേൾക്കുന്നത് മെക്സിക്കൻ എഴുത്തുകാരനായ ഹുവാൻ റൂൾഫോ എഴുതിയ നോവലാണിത്. അതിൽ പരാമർശിക്കുന്ന 'കൊമാല' മരിച്ചവരുടെ ഗ്രാമമാണ്. നോവലിൽ ഹുവാൻ പ്രേസിയാദോ എന്ന യുവാവ് അച്ഛനെത്തേടി കൊമാലയിലേക്കു പോകുന്നു. അവിടെ എത്തി ഏറെത്താമസിയാതെ അയാളും മരിക്കുന്നു. പെഡ്രോപരാമോ വായിച്ച കുണ്ടൂർ വിശ്വൻ തന്നെ വഞ്ചിച്ച സുധാകരനെത്തേടി ഇറങ്ങുന്നു. യാത്ര ലക്ഷ്യത്തിലെത്തുമെന്ന ഉറപ്പൊന്നും അയാൾക്കില്ല. മരണത്തിനും ജീവിതത്തിനുമിടയിൽ എവിടെയോ സ്വയം നഷ്ടപ്പെട്ടുപോയ അയാൾക്ക് മരണത്തിനു മുമ്പുള്ള ശൂന്യതയെ കുടഞ്ഞുകളയാനുള്ള സാങ്കല്പികമായ ലക്ഷ്യം മാത്രമാണ് സുധാകരൻ.

നിഷ്ഫലമായ യാത്രയ്ക്കൊടുവിൽ മരണദിവസത്തിലേക്കു മടങ്ങുന്ന അയാൾ ഒരു ബൈക്കപ കടത്തിനു സാക്ഷിയാകുന്നു . 'പക്ഷേ, അവിടെ കൂടിയവരിൽനിന്നും അപകടത്തിനിരയായവന്റെ ദൗർഭാഗ്യത്തെ പിന്തുണയ്ക്കുന്ന ഒരു നോട്ടംപോലും ഉയർന്നില്ല. അവർ മൃതശരീരങ്ങൾ പോലെ ഭക്ഷണം കഴിക്കുന്നതിൽ മുഴുകി.' കൊമാലയിലെ മരിച്ച മനുഷ്യരെ വിശ്വൻ തന്റെ കൺമുമ്പിൽ കാണുകയാണ്. ചെറുപ്പക്കാരനെ രക്ഷിയ്ക്കാനുള്ള വിശ്വന്റെ പരിശ്രമത്തിൽ ആരും സഹായിക്കാൻ മുന്നോട്ടു വരുന്നില്ല. കൂടെ വരാൻ തയ്യാറായ മധ്യവയസ്ക്കൻ തനിക്കിറങ്ങാ നുള്ള സ്ഥലമെത്തിയപ്പോൾ ഔപചാരികമായി നന്ദി പറഞ്ഞ് ശുഭരാത്രിയും നേർന്ന് ഇറങ്ങിപ്പോയി. 'ഈ സ്ഥലം കൊമാലയാണ്' നരകത്തിന്റെ വായയാണ്.. പല തവണ വിശ്വൻ

ISSN-2455-0736 (Print)
ISSN-2456-4052 (Online)

മനസ്സിൽ പറഞ്ഞു. എല്ലാറ്റിനോടും നിസ്സംഗതപുലർത്തുന്ന, പ്രതികരണശേഷി നഷ്ടപ്പെട്ട ഒരു ജനത. അവർ മരിച്ചവരെപ്പോലെയാണ്. ഇവിടെ സൂചിപ്പിക്കുന്നത് ഭൗതികമായ മരണമല്ലെന്നു മാത്രം. വിശ്വന്റെ ആത്മഹത്യാപ്രഖ്യാപനത്തോടു പുലർത്തിയ അതേ നിസ്സംഗതയാണ് ചെറുപ്പക്കാരന്റെ അപകടത്തോടും ജനങ്ങൾ കാണിക്കുന്നത്. അപകടത്തിൽപ്പെടുന്നവരെ സഹായിക്കുന്നതിനു പകരം അവരുടെ ചിത്രങ്ങളും വീഡിയോയും മൊബൈലിൽ പകർത്താനും നവമാധ്യമങ്ങൾ വഴി പങ്കുവെയ്ക്കാനും തിടുക്കപ്പെടുന്നവർ നിത്യക്കാഴ്ചയാണ്. കൊമാല എന്ന കഥ നല്കുന്ന ചിത്രവും മറ്റൊന്നല്ല.

യഥാർത്ഥത്തിൽ ഇവിടെ വിശ്വന് ജീവിതത്തോടു വിരക്തി തോന്നേതാണ്. എന്നാൽ മരിച്ചുകൊണ്ടിരിക്കുന്ന ചെറുപ്പക്കാരന്റെ ചുണ്ടിൽ വെള്ളമിറ്റിച്ചു കൊടുത്തപ്പോൾ തന്റെ എല്ലാ കടങ്ങളും വീട്ടിയതായി അയാൾക്കു തോന്നി.

'രണ്ടു തുള്ളി വെള്ളമായിരുന്നു എന്റെ കടം . . . . അത് വീട്ടിക്കഴിഞ്ഞു. വീടിനുമുന്നിൽ താനെഴുതിവെച്ച ആത്മഹത്യാഭീഷണി അതൊരു വലിയ അസംബ സ്ധമാണെന്ന് അയാൾക്ക് അപ്പോൾ തോന്നി. എത്രയും പെട്ടെന്ന് അതവിടെനിന്ന് മാറ്റണം.'

കൊമാല നല്കുന്നത് പ്രതീക്ഷയാണ് ആധുനികകാലം നല്കിയ വ്യർത്ഥതാ ബോധമോ മൃത്യുദർശനമോ ഉത്തരാധുനികകഥകൾ നല്കുന്നില്ല. കൂർ വിശ്വൻ ജീവിതത്തിന്റെ സാധ്യതകൾ തേടുകയും അതിജീവനത്തിനു ശ്രമിക്കുകയും ചെയ്യുന്നു. അല്പം മുമ്പ് താനിരിക്കുന്നിടം 'കൊമാല'യാണെന്നു തോന്നിയ വിശ്വൻ ജീവിതത്തിന്റെ പച്ചപ്പു തേടുന്നു.

മാധ്യമവത്കരണത്തിന്റെ ഇരയാണ് 'വാർത്താശരീരം' എന്ന കഥയിലെ പാട്ടിയമ്മ. പത്രവും റോഡിയോയും പരസ്യങ്ങളുമൊക്കെച്ചേർന്ന് സൃഷ്ടിച്ച കപടയാഥാർത്ഥ്യങ്ങളുടെ ലോകത്താണ് പാട്ടിയമ്മ അഭിരമിക്കുന്നത്. ദരിദ്രയും ഏറെക്കുറെ നിരക്ഷരയുമാണ് പാട്ടിയമ്മ. കുഞ്ഞിക്കണ്ണൻ നായരുടെ വീട്ടിൽ പുതിയതായി വാങ്ങിയ ടി.വി.യിൽ പാട്ടിയമ്മ കുടുംബസമേതം സിനിമ കാണാൻ പോകുന്നിടത്താണ് കഥ തുടങ്ങുന്നത്. വിശപ്പും കുഞ്ഞിന്റെ പനിയുമൊക്കെ സിനിമ കാണാനുള്ള ആവേശത്തിൽ അവർ മറക്കുന്നു. വിശപ്പ്, രോഗം, തൊഴിൽ പ്രശ്നങ്ങൾ എന്നീ യാഥാർത്ഥ്യങ്ങളെ കുറച്ചു നേരത്തേക്ക് വിസ്മരിക്കാൻ ടി.വി.യിൽ തെളിയുന്ന മായികലോകം അവരെ സഹായിക്കുന്നു.

റേഡിയോയും പത്രവുമൊക്കെ പാട്ടിയമ്മയുടെ ശരീരത്തിന്റെ ഭാഗമാണ്. പത്രത്തിലൂടെയും റേഡിയോയിലൂടെയും രാഷ്ട്രീയ, അന്താരാഷ്ട്ര പ്രശ്നങ്ങൾ പാട്ടിയമ്മയിലേക്കെത്തുന്നു. അവസരത്തിനൊത്ത് തന്റെ പൊതുവിജ്ഞാനം വിളമ്പുന്നതും അവരുടെ ശീലമാണ്. ജീവിതത്തിലിന്നുവരെ ടി.വി. കാണാത്ത പാട്ടിയമ്മയുടെ അഭിപ്രായപ്രകടനം നോക്കൂ: 'ടി.വി.യാകുമ്പോ ഒനിഡ തന്ന്യാണ് നല്ലത്. ബി. പി. എല്ലും വീഡിയോകാണും മോശംന്നല്ല. എന്നാലും ഒരൊറപ്പിന് ഇദെന്നെ പഷ്ട്.' സിനിമ സുരേഷ്ഗോപിയുടെ കമ്മീഷണർ ആണെന്ന് പറയുമ്പോഴും വന്നു പാട്ടിയമ്മയുടെ കമന്റ്. 'ഈ മലയാളം ഒന്നിനും കൊള്ളൂല്ലാന്ന്. വാർഡാമിന്റെ ഇംഗ്ലീഷ് ഗേസറ്റൊന്നും ഇല്ലേലും?' 'ഈ അമ്മയ്ക്ക് നെഞ്ഞ്മ്മലൊരു തുണി ഇട്ടൂട്ടേര്ന്ന്?' എന്ന മരുമകളുടെ ചോദ്യത്തിന് ഓർമകളിൽനിന്ന് അന്താരാഷ്ട്ര പ്രാധാന്യമുള്ള ഒരു വാർത്താശകലം ചീന്തിയെടുത്താണ് പാട്ടിയമ്മ മറുപടി പറഞ്ഞത്

ISSN-2455-0736 (Print)
ISSN-2456-4052 (Online)

'യൂറോപ്പില് മൊല കാണിക്കാനാണ് സമരം. ഫെമിനിസം. പക്ഷേ, ഞാങ്ങൊ തൊല്ല്യാ കാണിച്ചാല് നിങ്ങക്കെന്നും അതൊരു വാർത്ത്യെല്ല. വെലയ്യൊല്ല' പാട്ടിയമ്മയുടെ പൊതുവിജ്ഞാനം മറ്റുള്ളവരെ അത്ഭുതപ്പെടുത്തുന്നു.

സിനിമയിൽ നായകന്റെ അടിയേറ്റ് മന്ത്രിമാർ വീഴുന്നതു കണ്ട് കേളുവും നിർവൃതികൊണ്ടു നായകന്റെ തീ പാറുന്ന ഡയലോഗുകളിലും ആക്ഷൻരംഗങ്ങളിലും മതിമറന്ന് നിർവൃതിയടയുന്ന സാധാരണക്കാരനെയാണ് കേളു പ്രതിനിധാനം ചെയ്യുന്നത്. ടി.വിയും പരസ്യവുമൊക്കെ സൃഷ്ടിച്ച പ്രതീതിയാഥാർത്ഥ്യത്തിൽനിന്ന് അവർ തിരിച്ചെത്തുന്നത് തീക്ഷണമായ ജീവിതാവസ്ഥയിലേക്കാണ്. കഞ്ഞിക്കലം നായ തട്ടിമറിച്ച് വെന്ത ചോറ് വെണ്ണീരിൽ തൂവിക്കിടന്നു. മകന്റെ പൊള്ളുന്ന ദേഹത്തിന്റെ ചൂട് കേളുവിൽ കുറ്റബോധ മുണ്ടാക്കുന്നു. വിശപ്പിനെ അതിജീവിക്കാൻ പാട്ടിയമ്മ റേഡിയോ ചെവിയോടടുപ്പിച്ചു. 'ഇനി ഒരു ഇംഗ്ലീഷ് വാർത്ത കൂടിയുണ്ട്. നോക്കു , പാട്ടിയമ്മ അതിനായി ചെവിയോർക്കുകയാണ്.'

മാധ്യമവത്ക്കരണത്തിന്റെ ഏറ്റവും ഭീതിജനകമായ അവസ്ഥയിലേക്കും ഈ കഥ നമ്മെ കൊണ്ടുപോകുന്നു. സ്വയം ഒരു വാർത്തയായി മാറാനുള്ള പാട്ടിയുടെ അഭിനിവേശമാണത്. ടി.വിയിൽ കാണാതായവരുടെ ഫോട്ടോയും പേരുവിവരങ്ങളും കാണുമ്പോൾ അവർ ഉരുവിട്ടു.

'ഭാഗ്യം ചെയ്യണം എത്രയെത്ര ആളുകള് കാണും ഇവരെയെല്ലാം' അവർ തിരിഞ്ഞ് കാർത്തിയെ നോക്കി.

'നിനക്കൊക്കെ ഒന്ന് നാട് വീട്ടൂടേ കുരിപ്പേ'?'

അവർ മകനോട് പറയുന്നു: ഞാൻ ചത്താല് 'ന്റെ സഞ്ചയനം കയിച്ചില്ലെങ്കിലും വേല്ല.' ന്റെ ഒരു ഫോട്ടം നീ പത്രത്തില് കൊട്ക്കണം മോനേ'

.......................................

'സ്വയം വാർത്തായി മാറുന്ന ഒരു വേളയിലേക്കു തലവെച്ചു കിടന്നുകൊണ്ട് അവർ മന്ത്രിച്ചു: പയ്യാടക്കാത്ത് മീത്തൽവീട്ടിൽ കുഞ്ഞിപ്പാട്ടി (66) ദിവംഗതയായി'

വാർത്തകളും പരസ്യങ്ങളും മാധ്യമങ്ങളും സിനിമയും സൃഷ്ടിക്കുന്ന മാധ്യമ സംസ്കാരത്തിന്റെ ഇരകളാണ് പാട്ടിയമ്മയും കുടുംബവും. അതിന്റെ ഏറ്റവും ദൈന്യമായ അവസ്ഥയാണ് സ്വയം വാർത്തയായി മാറാനുള്ള മനുഷ്യന്റെ വാഞ്ഛ. സ്വന്തം വീടിന്റെ അടുക്കളുയും കിടപ്പറയും വരെ പൊതുസമൂഹത്തിന്റെ മുമ്പിൽ തുറന്നുകാട്ടുന്ന ജീവിതത്തിന്റെ സ്വകാര്യനിമിഷങ്ങൾപോലും പരസ്യപ്പെടുത്തുന്ന എത്രയെത്ര പരിപാടികളാണ് ഇന്ന് നവമാധ്യമങ്ങളിലൂടെ പ്രചരിക്കുന്നത്. അതിന് സെലിബ്രിറ്റികളെന്നോ സാധാരണക്കാരെന്നോ ഉള്ള ഭേദമില്ല. സമകാലീനസമൂഹ ത്തിന്റെ നേർക്കു പിടിച്ച കണ്ണാടിയായി കഥ മാറുന്നു.

ആധുനികാനന്തരദൃശ്യനവമാധ്യമങ്ങൾ നമ്മുടെ സാമൂഹികജീവിതത്തിലും സാംസ്കാരിക പരിതഃസ്ഥിതിയിലും വരുത്തുന്ന മാറ്റങ്ങളാണ് ഈ കഥകളിൽ അവതരിപ്പിച്ചിരിക്കുന്നത്. കൊച്ചുകുട്ടികൾ മുതൽ വാർദ്ധക്യത്തിലെത്തിയവർവരെ മാധ്യമങ്ങൾ സൃഷ്ടിക്കുന്ന മായക്കാഴ്ചകൾക്ക് അടിമകളാണ്. മാധ്യമവത്ക്കരണത്തിന്റെ അപകടങ്ങളെക്കുറിച്ചുള്ള സൂചന കൾ ഈ കഥകൾ നല്കുന്നു.

ISSN-2455-0736 (Print)
ISSN-2456-4052 (Online)

പുതിയ കാലം മനുഷ്യരിലേല്പിക്കുന്ന പരിക്കുകൾ, നഷ്ടപ്പെടുന്ന മാനുഷികമൂല്യം എന്നിവയൊക്കെ ഈ കഥകളിൽ കടന്നുവരുന്നു. മാറിയ കാലത്തോടുള്ള പ്രതികരണവും വിയോജിപ്പുമൊക്കെയായി സന്തോഷിന്റെ കഥ രൂപാന്തരപ്പെടുന്നു.

**ഗ്രന്ഥസൂചി**

- സന്തോഷ് എച്ചിക്കാനം (2021), കഥകൾ, ഡി.സി.ബുക്സ്,കോട്ടയം.
- കെ.ആർ.മീര (2014), ആരാച്ചാർ, ഡി.സി.ബുക്സ്,കോട്ടയം
- സി.ബി.സുധാകരൻ (1990), ഉത്തരാധുനികത-നവസിദ്ധാന്തങ്ങൾ, ഡി.സി.ബുക്സ്,കോട്ടയം